# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2911** **15/02/2013 ൽ മറുപടിക്ക്**

## 'സൗജന്യ യൂണിഫോം പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എസ്.എസ്.എ വഴി നടപ്പിലാക്കിയ സൗജന്യ യൂണിഫോം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | എ) 3751.60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിലവിലെ നിബന്ധന പ്രകാരം എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകാൻ നിർവ്വാഹമില്ല. എന്നാൽ പ്രസ്തുത പദ്ധതി എയ്ഡഡ് സ്കൂളുകളിൽ കൂടി നടപ്പിലാക്കാനായി എസ്.എസ്.എ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുക്കുകയും ആയത് കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല. |
| സി) എങ്കിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും ഇടപെടലുകൾ കേന്ദ്ര സർക്കാരിൽ ചെലുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | സി) ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയക്കുകയും; കേന്ദ്രമാനവവിഭവശേഷി വികസന വകുപ്പുമന്ത്രി കേരളം സന്ദർശിച്ച വേളയിൽ അദ്ദേഹത്തിന്റെ മുമ്പാകെ അവതരിപ്പിക്കുകയും; കേരളത്തിലെ പാർലമെന്റംഗങ്ങളുടെ യോഗത്തിനു മുമ്പാകെയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ